**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** **27-01-2026 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ കാർഡുകളുടെ വ്യാജ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ വെബ്സൈറ്റിൽ കടന്നു കയറി മുൻഗണനാ കാർഡുകൾ വ്യാജമായി നിർമ്മിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ തിരുവനന്തപുരം സൗത്ത് സിറ്റി റേഷനിംഗ് ഓഫീസിലെ റേഷൻകാർഡ് സീറ്റ് ക്ലാർക്കിന്റെയും റേഷനിംഗ് ഇൻസ്പെക്ടറുടെയും (ഫർക്ക-11) ലോഗിൻ ഐ.ഡി/പാസ്‌വേർഡ് എന്നിവ നിയമവിരുദ്ധമായി അവരുടെ അറിവോടെയല്ലാതെ ഉപയോഗിച്ച് 146 പുതിയ റേഷൻ കാർഡുകൾ ഉണ്ടാക്കിയിട്ടുള്ളതായി വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരം തട്ടിപ്പുകൾ നടത്തിയവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സിറ്റി റേഷനിംഗ് ഓഫീസർ (സൗത്ത്) നൽകിയ പരാതിയിന്മേൽ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1264/2025-ാം നമ്പർ കേസിൽ ഇതുവരെ 6 പേർ പ്രതികളാണെന്നു കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഒരാൾ സിറ്റി റേഷനിംഗ് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് രാധാകൃഷ്ണൻ ആർ. ഉം, മറ്റ് 5 പേർ സിറ്റി റേഷനിംഗ് ഓഫീസിന്റെ പരിധിയിലുള്ള ന്യായവിലകട ലൈസൻസികളുമാണ്. |
| (സി) | വെബ്സൈറ്റിന്റെ ഔദ്യോഗിക യൂസർനെയിമും പാസ് വേർഡും ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | വകുപ്പ് തല അന്വേഷണത്തിലാണ് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയത്. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ തിരുവനന്തപുരം സൗത്ത് സിറ്റി റേഷനിംഗ് ഓഫിസിന്റെ RCMS വെബ്സൈറ്റിന്റെ ലോഗിൻ ഐ.ഡി/പാസ്‌വേർഡ് എന്നിവ ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. വകുപ്പ് തല അന്വേഷണത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ജീവനക്കാരനെ സസ്പെന്റ് ചെയ്ത് അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുണ്ട്. പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തതിൽ അന്വേഷണം നടന്നു വരുന്നു. |
| (ഡി) | ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) | താലൂക്ക് സപ്ലൈ ഓഫീസിലെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർക്ക് RCMS വെബ്സൈറ്റ് |

| | | | | |
|---|---|---|---|---|
| | വിശദമാക്കാമോ? | | | ഉപയോഗിക്കുന്നതിന് നൽകിയിരിക്കുന്ന Login Password - കൾ കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലും മാറ്റേണ്ടതാണ് എന്ന് താലൂക്ക് സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അതാത് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്ന Login credentials മറ്റാർക്കും കൈമാറുവാൻ പാടില്ലാത്തതാണ് എന്നും RCMS മായി ബന്ധപ്പെട്ട Login Id, Password എന്നിവ ഓഫീസുകളിൽ ഉപയോഗിച്ച് വരുന്ന കംപ്യൂട്ടറുകളിലോ മറ്റ് സിസ്റ്റങ്ങളിലോ സേവ് ചെയ്ത് സൂക്ഷിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനുപരിയായി RCMS മായി ബന്ധപ്പെട്ട് Login OTP (Two Factor Authentication) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ഇത്തരത്തിലുള്ള ക്രമവിരുദ്ധ നടപടികൾ ഉണ്ടാകില്ല എന്ന് ഉറപ്പു വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ